# പതിമൂന്നാം കേരളനിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2259 — 18/03/2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

## ഐ.ടി. വികസനം

**ചോദ്യം**

ശ്രീ.എം.പി.വിൻസെൻറ്
,, എ.പി.അബ്ദുള്ളക്കുട്ടി
,, ബെന്നി ബെഹനാൻ
,, വി.ഡി.സതീശൻ

**മറുപടി**

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | ഐ.ടി. വികസനം നഗരങ്ങളിലും ഗ്രാമങ്ങളിലും എത്തിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; | (എ) & (ബി) | ഐ.ടി. വികസനം നഗരങ്ങളിലും ഗ്രാമങ്ങളിലും എത്തിക്കുക, ഐ.ടി. സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി ഐ.ടി. വികസനം സംസ്ഥാനത്തിന്റെ എല്ലാ തലങ്ങളിലും വ്യാപിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടുകൂടി ആവിഷ്കരിച്ച കർമ്മപദ്ധതിയാണ് സംസ്ഥാനത്തെ പ്രധാന നഗരങ്ങൾ കേന്ദ്രമാക്കി ആരംഭിച്ച HUB & Spoke ഐ.ടി. പാർക്കുകൾ. പ്രധാന നഗരങ്ങൾ Hub ആയും മറ്റു പ്രദേശങ്ങൾ അവയോടു യോജിപ്പിച്ച Spoke-കൾ ആയും പ്രവർത്തിക്കുന്നു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങൾ Hubകളായി കേന്ദ്രീകരിച്ച് ഐ.ടി. വ്യവസായം സംസ്ഥാനത്താകെ വ്യാപിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. ഇപ്രകാരം കേരളത്തിലെ ആദ്യത്തെ ഐ.ടി. പാർക്കായ തിരുവനന്തപുരം ടെക്നോപാർക്കിനെ Hub ആക്കി കൊല്ലം കുണ്ടറയിൽ ടെക്നോപാർക്ക് ആരംഭിക്കുകയുണ്ടായി. കൂടാതെ കൊച്ചി ഇൻഫോപാർക്കിനെ Hubആക്കി തൃശ്ശൂർ കൊരട്ടിയിലും ചേർത്തലയിലും Spoke പാർക്കുകൾ പ്രവർത്തിച്ചു വരുന്നു. കോഴിക്കോട് സൈബർപാർക്കിന്റെ Spoke പാർക്കുകളായിട്ടാണ് കാസർഗോഡും കണ്ണൂരുമുള്ള ഐ.ടി പാർക്കുകളുടെ വികസനം ലക്ഷ്യമിടുന്നത്. ഇവ കൂടാതെ കോട്ടയത്ത് പാലായിലും മലപ്പുറത്ത് അരീക്കോടും ഓരോ |
| (ബി) | ഏതെല്ലാം പദ്ധതികളാണ് ഇതിനായി പ്രയോജനപ്പെടുത്തുന്നതെന്നു വിശദമാക്കുമോ ; | | |

| | | | |
|---|---|---|---|
| | | | ഐ.ടി പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതോടൊപ്പം തന്നെ സംസ്ഥാനത്തെ ഐ.ടി. വികസനത്തിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി നഗര/നഗര പ്രാന്ത പ്രദേശങ്ങളിൽ സ്വകാര്യ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിന് മാർഗ്ഗ രേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരം നടപടികളിലൂടെ സംസ്ഥാനത്തെ ഐ.ടി വികസനം നഗരങ്ങളിലും പ്രാന്തപ്രദേശങ്ങളിലും എത്തിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ; | (സി) & (ഡി) | വിവര സാങ്കേതിക രംഗത്തെ വളർച്ചയ്ക്കായി ഐ.ടി. പാർക്കുകൾ തുടങ്ങുന്നതിനും അടിസ്ഥാന സൗകര്യ സജ്ജീകരണങ്ങൾക്കൊപ്പം ഐ.ടി. വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുമായി സംസ്ഥാന സർക്കാർ സ്ഥാപിച്ച കമ്പനിയാണ് കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ) സംസ്ഥാന ഐ.ടി. പോളിസി 2012-ൽ ഉൾപ്പെടുത്തിയ ഐ.ടി. പാർക്കുകൾക്കു പുറമെ സ്വകാര്യ മേഖലയിലെ ഐ.ടി. വികസനം ലക്ഷ്യമാക്കി വിഭാവനം ചെയ്തിരിക്കുന്ന സ്വകാര്യ ഐ.ടി. / ഹൈടെക് പാർക്കുകൾ സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ ഒരു അംഗീകൃത മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ഇവയുടെ അംഗീകാരം ഏകജാലക സംവിധാനം മുഖേനയാക്കിയിട്ടുണ്ട്. മികച്ച നിലവാരമുള്ള മാനവ വിഭവശേഷി, ഐ.ടി. വ്യവസായത്തിന് അത്യന്താപേക്ഷിതമായ അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇവയെല്ലാം ലഭ്യമാക്കിക്കൊണ്ട് ഐ.ടി. മേഖലയിലെ വികസനത്തിനായി സർക്കാർ ഒരു കരട് ഐ.ടി. നയം രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | ആരുടെയൊക്കെ സഹായമാണ് പദ്ധതി നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ളത് ? | | |

സെക്ഷൻ ഓഫീസർ